I/242080/2024

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

**No. LSGD/PD/7094/2023-VIGE2** തീയതി: **21-03-2024**

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- ഭരണജാഗ്രത- കണ്ണൂർ ജില്ല- ഉളിക്കൽ ഗ്രാമപഞ്ചായത്ത്- ശ്രീ. രവീന്ദ്രപ്രസാദ് ആർ.എൽ. (ക്ലർക്ക്) അനധികൃത ഹാജരില്ലായ്മയിൽ അച്ചടക്കനടപടി- കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് .- സംബന്ധിച്ച്

സൂചന :
1. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19/9/2022-ലെ DDP-KNR/2385/2022-E1 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 23/11 /2022 ലെ PAN/15155/2022/D9(DP) നമ്പർ കുറ്റപത്രം.
3. 15/12/2022 തീയതിയിലെ ശ്രീ രവീന്ദ്രപ്രസാദിന്റെ എതിർവാദ പത്രിക
4. കണ്ണൂർ ജില്ലാ ജോയിൻ്റ് ഡയറക്ടറുടെ 16/ 10/2023 തീയതിയിലെ LSGD/JD/KNR/2989/2023-A2 നമ്പർ അഭിപ്രായ റിപ്പോർട്.
5. ഈ കാര്യാലയത്തിലെ 23/11/23ലെ ഇതേ നമ്പർ ഉത്തരവ്.
6. കണ്ണൂർ ജില്ലാ ജോയിൻ്റ് ഡയറക്ടറുടെ 05/01/2024 തീയതിയിലെ LSGD/JD/KNR/2989/2023-A2 നമ്പർ അന്വേഷണ റിപ്പോർട്ട്
7. ഈ ഓഫീസിലെ 29/1/24 ലെ ഇതേ നമ്പർ ഹിയറിംഗ് നോട്ടീസ്

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. രവീന്ദ്ര പ്രസാദ് ആർ.എൽ. എന്ന താങ്കൾ അനധികൃത ഹാജരില്ലായ്മയായിരുന്ന (സസ്പെൻഷൻ) 03/06/2019 മുതൽ 30/11/2019 വരെയുള്ള കാലയളവ് രേഖപ്പെടുത്തിയ ഒറ്റ അവധി അപേക്ഷ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടും ആയത് പാലിച്ചിട്ടില്ല എന്നും കൂടാതെ 12/08/2022 മുതൽ വീണ്ടും അനധികൃത അവധിയിൽ തുടരുകയാണെന്നും സൂചന (1) പ്രകാരം കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള



File No. LSGD/PD/7094/2023-VIGE2 (Computer No. 7803)
Generated from eOffice by Gireesh Gopal, VIGE2-PD LSGD, VIGE2 PD LSGD, PRINCIPAL DIRCTORATE LSGD on 13/06/2024 01:09 PM

സിവിൽ സർവിസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരം താഴെ പറയുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ച് സൂചന (2) പ്രകാരം താങ്കൾക്ക് കുറ്റപത്രം നൽകിയിരുന്നു.

1. *സസ്പെൻഷൻ കാലയളവായ 03.06.2019 മുതൽ 30.11.2019 വരെയുള്ളള കാലയളവ് രേഖപ്പെടുത്തിയ ഒറ്റ അവധി അപേക്ഷ ലഭ്യമാക്കുന്നതിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടും നാളിതുവരെ അവധി അപേക്ഷ ലഭ്യമാക്കിയിട്ടില്ല.*
2. *താങ്കൾ 12.08.2022 മുതൽ വീണ്ടും അനധികൃത അവധിയിൽ തുടരുന്നു.*

മേൽ കുറ്റാരോപണമെമ്മോ/പത്രിക താങ്കൾ 13/12/2022-ന് കൈപ്പറ്റുകയും സൂചന (3) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. താങ്കൾ സമർപ്പിച്ചിട്ടുള്ള പ്രതിവാദപത്രികയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ നിർദ്ദേശം പാലിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണമൊന്നും നൽകിയിട്ടില്ലാത്തതാണ്. സസ്പെൻഷൻ കാലയളവായ 03-06-2019 മുതൽ 30-11-2019 വരെയുള്ള കാലയളവ് രേഖപ്പെടുത്തിയ ഒറ്റ അവധി അപേക്ഷ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിലേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടില്ലാത്തതും വിവിധങ്ങളായ കാരണങ്ങളാൽ ആകസ്മികമായി അവധി എടുക്കേണ്ടി വന്നിട്ടുണ്ടെന്നും കടുത്ത മാനസിക സംഘർഷം കാരണം കൌൺസലിംഗിന് വിധേയനാകുന്നുണ്ടെന്നും, തന്റെ ഭാഗത്തുനിന്നുണ്ടായ കൃത്യവിലോപം മാപ്പാക്കണമെന്നും, ബോധിപ്പിച്ചിട്ടുള്ളതാണ്.

താങ്കളുടെ എതിർവാദ പത്രികയിൽ ജോയിന്റ് ഡയറക്ടർ കണ്ണൂർ സൂചന (4) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചതിൽ താങ്കൾ തുടർച്ചയായി അനധികൃത അവധിയിൽ പോകുകയും, ആയതിന്മേൽ കുറ്റാരോപണ മെമ്മോ ലഭിക്കുകയും ചെയ്ത ശേഷവും അതേ കുറ്റം ആവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ താങ്കൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു .

പ്രതിവാദപത്രികയിലെ വാദങ്ങളും അഭിപ്രായ റിപ്പോർട്ടും പരിശോധിച്ചതിൽ താങ്കൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിനു ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടറെ സൂചന (5) ഉത്തരവ് പ്രകാരം നിയോഗിക്കുകയും അന്വേഷണ റിപ്പോർട്ട് സൂചന (6) പ്രകാരം സമർപ്പിക്കുകയും ചെയ്തിരുന്നു.

ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി 12/12/2023 തീയതിയിൽ താങ്കളെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ച് നൽകിയ അറിയിപ്പ് താങ്കൾ കൈപ്പറ്റിയെങ്കിലും അന്നേദിവസം താങ്കൾ ഹിയറിംഗിന് ഹാജരാകുകയോ രേഖാമൂലം മറുപടി സമർപ്പിക്കുകയോ ചെയ്തിട്ടില്ലയെന്നും മേലധികാരികളുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും, മുൻകൂർ അനുമതി കൂടാതെ അവധിയെടുക്കുകയും, നിലവിൽ 12-08-2022 മുതൽ നാളിതുവരെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും ചെയ്യുന്ന താങ്കൾക്കെതിരെ കുറ്റാരോപണ പത്രികയിൽ ആരോപിച്ച കാര്യങ്ങൾ വസ്തുതാപരമായി ശരിയാണെന്ന് ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് നടത്തിയ ഔപചാരിക അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ അന്വേഷണ റിപ്പോർട്ടിന്റെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ താങ്കൾക്കെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച് നേരിൽ കേൾക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡിഷണൽ ഡയറക്ടർ (വിജിലൻസ്) മുമ്പാകെ രേഖകൾ സഹിതം 07/02/2024-ന് നേരിൽ ഹാജരാകുന്നതിന് സൂചന (7) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ആയത് താങ്കൾ കൈപ്പറ്റിയെങ്കിലും ഹിയറിംഗിൽ ഹാജരായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ വസ്തുതകളുടെയും ബന്ധപ്പെട്ട രേഖകളുടെയും അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകളും പരിശോധിച്ചതിൽ താങ്കൾ മേലധികാരികളുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും മുൻകൂർ അനുമതി കൂടാതെ അനധികൃതമായി അവധിയെടുക്കുകയും, നിലവിൽ 12-08-2022 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും ചെയ്യുന്നത് ഗൗരവമേറിയ കുറ്റകൃത്യവും കൃത്യവിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവും സർവീസ് ചട്ടങ്ങളോടുള്ള അനാദരവുമായി കാണുന്നു. **ആയതിനാൽ താങ്കൾ സർക്കാർ സേവനത്തിൽ തുടരാൻ യോഗ്യനല്ല എന്ന് കണ്ട് താങ്കളെ കേരള സിവിൽ സർവിസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 11(1)(vii) പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.** പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകാതിരിക്കാൻ കരണമെന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയതു ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം ഈ ഓഫീസിൽ രേഖമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാൻ ഇല്ല എന്ന നിഗമനത്തിൽ നിർദ്ധിഷ്ട താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

ശ്രീ. രവീന്ദ്രപ്രസാദ് ആർ.എൽ.
ക്ലർക്ക്, ഉളിക്കൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, കണ്ണൂർ മുഖേന)

പകർപ്പ്

1. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കണ്ണൂർ ജില്ല (കാരണം കാണിക്കൽ നോട്ടീസ് ഇതോടൊപ്പം അയയ്ക്കുന്നു. ഒരു പകർപ്പ് ശ്രീ. രവീന്ദ്രപ്രസാദ് ആർ.എൽ. ന് നൽകി മറ്റൊരു പകർപ്പിൽ ടിയാന്റെ ഒപ്പും തീയതിയും പേരും രേഖപ്പെടുത്തി സമയബന്ധിതമായി തിരികെ സമർപ്പിക്കേണ്ടതാണ്.)